**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1901** **02-02-2024 - ൽ മറുപടിയ്ക്ക്**

**എ ഐ ക്യാമറ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. റോജി എം. ജോൺ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി നിരത്തുകളിൽ സ്ഥാപിച്ച ക്യാമറകളിൽ എ ഐ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച ക്യാമറകളിൽ എ ഐ സാങ്കേതിക ഉപയോഗിക്കുന്നുവെന്ന് ഈ പദ്ധതിയിൽ ക്യാമറകൾ സ്ഥാപിച്ച കെൽട്രോൺ വ്യക്തമാക്കിയിട്ടുള്ളതാണ്. |
| (ബി) | എ ഐ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്ന ക്യാമറകൾ സ്ഥാപിച്ചതിനു ശേഷവും ധാരാളം ജീവനക്കാർ ഇതുമായി ബന്ധപ്പെട്ട ജോലി ചെയ്യുന്നതിന്റെ കാരണം വിശദമാക്കുമോ; | (ബി) | ക്യാമറ കണ്ടെത്തിയ വാഹനത്തിന്റെ നമ്പർ കൃത്യമാണെന്ന് ഉറപ്പ് വരുത്തുക, നോട്ടീസുകൾ പ്രിന്റ് എടുക്കുക, മേൽവിലാസക്കാരന് ചെല്ലാൻ നോട്ടീസ് അയച്ച് നൽകുക എന്നീ ജോലികൾക്കു വേണ്ടിയാണ് കൺട്രോൾ റൂമിൽ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. ഇത്കൂടാതെ പദ്ധതിയുടെ ഭാഗമായ ഡാറ്റ സെന്റർ, സെർവറുകൾ, ഫയർവാൾ, കമ്പ്യൂട്ടറുകൾ, പ്രിന്റർ, നെറ്റ് വർക്ക്, മറ്റ് സംവിധാനങ്ങൾ എന്നിവയുടെ പ്രവർത്തനത്തിനും പരിപാലനത്തിനും ആവശ്യമായ ടെക്നിക്കൽ ഉദ്യോഗസ്ഥരും പദ്ധതിയുടെ ഭാഗമായുണ്ട്. |
| (സി) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി ബാക്ക് എൻഡിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിൽ മാത്രമാണ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ജീവനക്കാരുടെ ഇടപെടൽ കൂടുതലായി ആവശ്യമാകുന്നുണ്ടോ; വിശദമാക്കാമോ? | (സി) | എ ഐ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയാണ്ക്യാമറകൾ പ്രവർത്തിക്കുന്നതെന്ന് കെൽട്രോൺ വ്യക്തമാക്കിയിട്ടുള്ളതാണ്.ഇതുമൂലം ജീവനക്കാരുടെ ഇടപെടൽ കൂടുതലായി ആവശ്യമാകുന്നില്ലെന്നും കെൽട്രോൺവ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ